

ഇരയായത് മാങ്കൂട്ടം മാത്രം

# രതിവാർത്തകളിൽ രമിച്ച് രാഷ്ട്രീയ കേരളം

സ്റ്റാഫ് റിപ്പോർട്ടർ

ഒരു സമുന്നത നേതാവിനെതിരെ ലൈംഗികാപവാദത്തിന്റെ കിളികൊഞ്ചൽ. അതിന് തുടർച്ചയായി അനേകം കിളികളുടെ കൊഞ്ചലുകൾ. ഒടുവിൽ നേതാവ് നാണം കെട്ട് വീട്ടിൽ ചുരുണ്ടുകൂടുന്നു. അതോടെ ദൗത്യം പൂർത്തിയാക്കിയ ഹുങ്കിൽ കിളികൾ പറന്നകലുന്നു. ഇവിടെ വാസ്തവത്തിൽ ഇര ആരാണ്? സാക്ഷാൽ നേതാവുതന്നെ. കേസ് കൊടുക്കാതെ മൊഴിയെടുക്കാതെ എത്ര എളുപ്പത്തിലാണ് തികച്ചും ആസൂത്രിതമായി ഒരു യുവ നേതാവിനെ നിലം പരിശാക്കി കുഴിച്ചുമൂടിയത്.

ഏതെങ്കിലും ഒരു സ്ത്രീ സമുന്നത നേതാവിന് എതിരെ ലൈംഗിക ചുവയുള്ള എന്തെങ്കിലും ഉരിയാടി കിട്ടിയാൽ ചാനലുകൾക്ക് അന്ന് കുശാലാണ്. വിഡ്ഢിപ്പെട്ടി തുറക്കുന്നത് മുതൽ അടയ്ക്കുന്നതുവരെ ആ കിളിമൊഴി അവർത്തിച്ചുകൊണ്ടേയിരിക്കും. ഒപ്പം രാഷ്ട്രീയ പ്രതിയോഗികളുടെ അവസരവാദപരമായ അധിക്ഷേപങ്ങൾ. പിന്നെ കിളിമൊഴിക്ക് സമാനമോ കൂടുതൽ ഗുരുതരമോ ആയ മറ്റ് കിളികളുടെ മൊഴിൾ. തുടർന്ന് മൊഴി മാറ്റങ്ങൾ. അങ്ങനെ ആ കിളിമൊഴിയുടെ മാറ്റൊലികൾ ദിവസങ്ങളോളമോ, ആഴ്ചകളോളമോ നീണ്ടുപോകുന്നു.

ഒടുവിൽ സമുന്നത നേതാവ് നാണം കെട്ട് പുറത്തിറങ്ങാനാകാതെ വീട്ടിൽ തന്നെ ഒതുങ്ങിക്കൂടുന്നു. വാസ്തവത്തിൽ ഇവിടെ ഇരയാകുന്നത് സമുന്നത നേതാവ് മാത്രമാണ്. കിളികളെല്ലാം അവരുടെ ദൗത്യം കഴിഞ്ഞാൽ പറന്നകലുന്നു. ആരോപണമുന്നയിച്ചവർ പോലീസിന് മൊഴി നൽകാതെ, കേസ്സിൽ നിന്നും ഒഴിഞ്ഞുമാറി ഉൾവലിയുന്നു. ഒരു സമുന്നത നേതാവിനെ വഴിയാധാരമാക്കിയതിന്റെ ആഹ്ളാദതിമിർപ്പോടെ. അവരുടെ അട്ടഹാസങ്ങളായിരിക്കും തുടർന്നുള്ള ദിവസങ്ങളിൽ ചാനലുകളിൽ കാണുക. ഒരു പുരുഷ കേസരിയെ കൊന്നൊടുക്കി മഹിഷാസുരമർദ്ദിനിയുടെ ഭാവങ്ങളായിരിക്കും അവർക്ക്. രാഹുൽ മാങ്കൂട്ടത്തിൽ എന്ന യൂത്ത് കോൺഗ്രസ്സ് നേതാവിന്റെ ദയനീയ കഥയാണ് ഭംഗ്യന്തരേണ ഇവിടെ സൂചിപ്പിച്ചത്. കഥയിലെ സത്യം എന്താണെന്നറിയാൻ കിളി മൊഴികളെ ആഘോഷമാക്കിയ ചാനലുകളോ നീതി നടപ്പാക്കേണ്ട പോലീസോ മനുഷ്യാവകാശം സംരക്ഷിക്കേണ്ട സംഘടനകളോ യാതൊന്നും ചെയ്യുന്നില്ല. ഇവിടെ രാഹുലിന് പകരം ഒരു മാർക്സിസ്റ്റ് നേതാവായിരുന്നെങ്കിൽ ആരോപണമുന്നയിച്ചവർക്ക് സ്വസ്ഥമായി കിടന്നുറങ്ങാൻ കഴിയുമായിരുന്നോ?

എറണാകുളത്ത് ഒരു മാർക്സിസ്റ്റ് എം.എൽ.എ യും ഒരു മാർക്സിസ്റ്റ് വനിതാ നേതാവും ഉൾപ്പെട്ട ലൈംഗികാപവാദത്തിൽ പോലീസ് കാണിച്ച ശുഷ്കാന്തി എത്രത്തോളമാണെന്ന് നോക്കുക. പരാതി കിട്ടിയ നിമിഷം കേസ്സെടുത്തു. ഒന്നാം പ്രതി പറവൂരിലെ പ്രാദേശിക കോൺഗ്രസ്സ് നേതാവ് ഗോപാലകൃഷ്ണന്റെയും രണ്ടാം പ്രതി പൊതുപ്രവർത്തകൻ കെ.എം. ഷാജഹാന്റെയും വീടുകൾ റെയ്ഡ് ചെയ്ത് മൊബൈൽ ഫോണുകൾ കസ്റ്റഡിയിലെടുത്തു. ഇവർ ചോദ്യം ചെയ്യലിന് ഹാജരായില്ലെങ്കിൽ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലെടുക്കുമെന്ന മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. കൊണ്ടോട്ടി അബു എന്ന ഫെയ്സ് ബുക്ക് അക്കൗണ്ടിന്റെ ഉടമയായ യാസിറയാണ് മൂന്നാംപ്രതി. തുടർച്ചയായി അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തിയതിനാണ് ഇയാളെപ്രതിയാക്കിയതെന്ന് പോലീസ് പറയുന്നു. ഈ കേസ്സിലെങ്കിലും സത്യം പുറത്തുകൊണ്ടുവരാൻ പോലീസിന് കഴിയുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്തായാലും ഇരുപത്തിനാല് മണിക്കൂറും വാർത്താ ചാനലുകൾക്ക് മുമ്പിൽ അടയിരിക്കുന്നവർ ഇപ്പോൾ ആഹ്ളാദത്തിലാണ്. രതിവാർത്തകളിൽ രമിച്ച് സുഷുപ്തിയടയാമല്ലോ. രാഷ്ട്രീയ കേരളം ഇപ്പോൾ ഈ സുഷുപ്തിയുടെ നിറവിലാണ്.

സമുന്നത രാഷ്ട്രീയ നേതാക്കൾക്കെതിരെ ലൈംഗികാരോപണം ഉയരുന്നത് കേരളത്തിൽ കൂടെക്കൂടെ സംഭവിക്കുന്ന ഒരു പ്രതിഭാസമാണ്. ആർ. ശങ്കർ മന്ത്രി സഭയിലെ ആഭ്യന്തര മന്ത്രി പി.ടി ചാക്കോയാണ് ആദ്യത്തെ ഇര. അദ്ദേഹം സഞ്ചരിച്ച കാറിൽ അപരിചിതമായ ഒരു സ്ത്രീയെ കണ്ടത് വിവാദമാണ്. ഒരു സഹപ്രവർത്തകയ്ക്ക് ലിഫ്റ്റ് കൊടുക്കുക മാത്രമാണ് ചെയ്തതെന്ന് അദ്ദേഹം വിശദീകരിച്ചെങ്കിലും അത് വിലപോയില്ല. അദ്ദേഹം രാജി സമർപ്പിക്കാൻ നിർബന്ധിതനായി. തുടർന്ന് കോൺഗ്രസ്സിൽ നിന്ന് പുറത്താകുകയും ചെയ്തു. വൈകാതെ അദ്ദേഹം മരിച്ചു. ഇതേകാലയളവിലായിരുന്നു പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും മരിച്ചത്. അതിനുശേഷം നടന്ന നിയമസഭാ സമ്മേളനം ഇരുവർക്കും ചരമോപചാരം അർപ്പിച്ചു. മുഖ്യമന്ത്രി ആർ ശങ്കർ, സി. അച്ചുതമേനോൻ, വി.ആർ. കൃഷ്ണയ്യർ തുടങ്ങിയവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി. പ്രസംഗിച്ചവരെല്ലാം നെഹ്റുവിനെ പ്രകീർത്തിച്ചു. ആഭ്യന്തരം, റവന്യൂ നിയമ വകുപ്പുകളുടെ മന്ത്രിയും ഭരണഘടനാ നിർമ്മാണ സഭയിൽ അംഗവും ക്വിറ്റ് ഇൻഡ്യാ സമരത്തിൽ അറസ്റ്റ് വരിക്കുകയും ചെയ്തു. പി.ടി.ചാക്കോയെ സൗകര്യപൂർവ്വം വിസ്മരിച്ചു. പിറ്റേന്ന് കെ.എം. ജോർജ്ജ് സഭയിൽ ഇതിലുള്ള വേദന പങ്കുവച്ചു. തുടർന്ന് കോൺഗ്രസ്സിലുണ്ടായ ആഭ്യന്തര സംഘർഷത്തിൽ 15 എം.എൽ.എ മാർ വിഘടിച്ചു പോയി. അവർ അവിശ്വാസ പ്രമേയത്തിന് പിന്തുണ നൽകിയതോടെ 50ന് എതിരെ 75 വോട്ടുകൾക്ക് അവിശ്വാസപ്രമേയം പാസ്സായി. ശങ്കർ മന്ത്രിസഭ വീണു.

ക്രമേണ കോൺഗ്രസ് പിളർന്ന് കേരളാ കോൺഗ്രസ്സുണ്ടായി. അതോടെ കോൺഗ്രസ്സിന്റെ ഏക കക്ഷി ഭരണത്തിന് അന്ത്യമായി. വാസ്തവത്തിൽ ചാക്കോയ്ക്ക് എതിരായ ലൈംഗികാപവാദമാണ് കേരള കോൺഗ്രസ്സിന്റെ പിറവിക്ക് കാരണമായതെന്ന് പറയാം. ചരമോപചാരത്തിന് ഒരു

**രാഹുൽ മാങ്കൂട്ടത്തിൽ എന്ന യൂത്ത് കോൺഗ്രസ്സ് നേതാവിന്റെ ദയനീയ കഥയാണ് ഭംഗ്യന്തരേണ ഇവിടെ സൂചിപ്പിച്ചത്. കഥയിലെ സത്യം എന്താണെന്നറിയാൻ കിളി മൊഴികളെ ആഘോഷമാക്കിയ ചാനലുകളോ നീതി നടപ്പാക്കേണ്ട പോലീസോ മനുഷ്യാവകാശം സംരക്ഷിക്കേണ്ട സംഘടനകളോ യാതൊന്നും ചെയ്യുന്നില്ല. ഇവിടെ രാഹുലിന് പകരം ഒരു മാർക്സിസ്റ്റ് നേതാവായിരുന്നെങ്കിൽ ആരോപണമുന്നയിച്ചവർക്ക് സ്വസ്ഥമായി കിടന്നുറങ്ങാൻ കഴിയുമായിരുന്നോ?**

നല്ല വാക്ക് പോലും കിട്ടാത്ത പി.ടി. ചാക്കോയെക്കാൾ ഒട്ടും മുകളില്ലല്ലോ രാഹുൽ മാങ്കൂട്ടത്തിൽ രാഹുലിനെ പാർട്ടി ഒതുക്കി എന്ന് ചിന്തിക്കുന്നവർ ഒരു നിമിഷം പി.ടി ചാക്കോയെ ഓർമ്മിക്കുക. ഒരു ചെറിയ കൈപ്പിഴയ്ക്ക് അദ്ദേഹം കൊടുക്കേണ്ടിവന്ന വില ചെറുതല്ല. രാഹുലിന് അത്രത്തോളമൊന്നും നഷ്ടപ്പെടേണ്ടി വന്നിട്ടില്ലല്ലോ.

ഒരു പേനയുണ്ടെങ്കിൽ ആർക്കുമെതിരെ എന്തും എഴുതാമെന്ന് ധരിക്കുന്നതുപോലെതന്നെ അധമമാണ് ഒരുഒളി ക്യാമറയുണ്ടെങ്കിൽ ആരുടെയും നെഞ്ചത്ത് കയറാം എന്ന് ഹുങ്കും. കേരളത്തിൽ ഒരു പുതിയ ചാനലിന്റെ സ്റ്റിംഗ് ഓപ്പറേഷനിൽ കണ്ടത് അതാണ്. മന്ത്രി എ.കെ. ശശീന്ദ്രന്റെ സംഭാഷണം കേവലം ടെലഫോൺ മാത്രമായി ചുരുങ്ങിയതോടെ ഓപ്പറേഷൻ പൊളിയുകയായിരുന്നു. സൂര്യനെല്ലി സംഭവത്തിൽ പ്രൊഫസർ പി.ജെ. കുര്യൻ, ഐസ്ക്രീം പാർലർ കേസ്സിൽ പി.കെ. കുഞ്ഞാലിക്കുട്ടി,.... അങ്ങനെ കഥ തുടർന്നുകൊണ്ടേയിരിക്കുന്നു.